Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൂടാതെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽനിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

260 (260) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ?

പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികൾ എല്ലാംതന്നെ സംസ്ഥാന തലത്തിലാണ് നടപ്പാക്കിവരുന്നത്. സംസ്ഥാനതലത്തിൽ ദേശീയ ഭക്ഷ്യഭദ്രത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിയ എല്ലാ പ്രവർത്തനങ്ങളും ഇരിക്കൂർ മണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിൽപ്പെട്ട ചെമ്പന്തൊട്ടിയിൽ 2016-2021 കാലയളവിൽ സപ്ലൈകോ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നിലവിലുള്ള നടുവിൽ മാവേലി സ്റ്റോർ ഇക്കാലയളവിൽ സൂപ്പർ മാർക്കറ്റായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് 5,30,363 രൂപ അനുവദിക്കുകയും പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

261 (261) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ അനുവദിച്ച ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനതലത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിയ എല്ലാ പ്രവർത്തനങ്ങളും വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സപ്ലൈകോ വിൽപ്പനശാലകളായ വടക്കാഞ്ചേരി സൂപ്പർ മാർക്കറ്റ്, വടക്കാഞ്ചേരി മെഡിക്കൽ സ്റ്റോർ, ആതുപാടം മെഡിക്കൽ സ്റ്റോർ, കുണ്ടുക്കാട് മാവേലി സ്റ്റോർ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ 2016-2021 കാലയളവിൽ പുതിയ പദ്ധതികൾ സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത കാലയളവിൽ ഒരു എൻ.എഫ്.എസ്.എ. (അരി/ഗോതമ്പ്) സംഭരണ കേന്ദ്രം മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണം**

262 (262) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ?

സംസ്ഥാനത്ത് കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയപ്പോൾ, ഗുണഭോക്താക്കൾ പ്രീപോപ്പുലേറ്റഡ് ഫോമുകളിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കാർഡുകൾ വിതരണം ചെയ്തത്. വിശദമായ പരിശോധനയിൽ പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയതായി കണ്ടെത്തുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചവരെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇപ്രകാരം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അർഹരായ കുടുംബങ്ങൾക്ക് 12000-ത്തോളം എ.എ.വൈ. കാർഡുകളും 1,20,000-ത്തോളം പി.എച്ച്.എച്ച്. കാർഡുകളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുണ്ട്. എ.എ.വൈ. കാർഡുകൾ നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 9-നും പി.എച്ച്.എച്ച്. കാർഡ് നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 29-നും നടന്നു. മുൻഗണനാ കാർഡുകളുടെ താലൂക്കുതല വിതരണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2, 3 തീയതികളിലായി നടന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. മാനദണ്ഡങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly